**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3390

16/12/2015-ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ. കെ.കെ. നാരായണൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കമോ; | എ&ബി) | എൻഡോസൾഫാൻ ദുരിതബാധതരുടെ കടബാധ്യതകൾ എഴുതിത്തള്ളുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചത് ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ (എം.എസ്) 298/14/ആ.കു.വ നമ്പർ പ്രകാരമാണ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). അതിനാൽ തുടർനടപടികളെപ്പറ്റി കൃഷി വകുപ്പിൽ വിശദാംശങ്ങൾ ലഭ്യമല്ല. |
| ബി) | കടം തിരിച്ചടയ്ക്കാത്തതുമായി ബന്ധപ്പെട്ട് ബാങ്കുകൾ ജപ്തി നോട്ടീസ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

10669
15/10/14

1

# കേരള സർക്കാർ

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് കടാശ്വാസം നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

സ.ഉ.(എം.എസ്)നം.298/2014/ആ.കു.വ. തിരുവനന്തപുരം, തീയതി, 10.10.2014.

പരാമർശം:-
1. 03.12.2011 ലെ കാസർഗോഡ് ജില്ലാ കളക്ടറുടെ 440/2011-12/ഡി.ഡി.സി/ഡി.പി.ഒ/കെ.എസ്.ഡി. നമ്പർ കത്ത്.
2. 02.04.2013 ലെ സ.ഉ.(ആർ.റ്റി)നം.1190/2013/ആ.കു.വ നമ്പർ ഉത്തരവ്.
3. 12.02.2014 ലെ കാസർഗോഡ് ജില്ലാ കളക്ടറുടെ ഇ.സി.1-15959/13 നമ്പർ കത്ത്.
4. 16.06.2014 ലെ സ.ഉ.(എം.എസ്)നം.181/2014/ആ.കു.വ നമ്പർ ഉത്തരവ്.
5. 08.10.2014 ലെ മന്ത്രിസഭാ യോഗതീരുമാനം.

## ഉത്തരവ്

കാസർഗോഡ് ജില്ലാ വികസന സമിതി ചെയർമാനായ ജില്ലാ കളക്ടർ ലഭ്യമാക്കിയ പരാമർശം 1 -ലെ കത്തിൽ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിതരായ ആളുകളുടെ കടങ്ങൾ എഴുതി തള്ളുന്നതിന് ഗവൺമെന്റിന്റെ ഉറപ്പുണ്ടായിട്ടും പലർക്കും ജപ്തി നോട്ടീസ് വന്നിരിക്കുകയാണെന്നും അതിനാൽ നാഷണലൈസ്ഡ് ബാങ്കുകൾ, വനിതാ വികസന കോർപ്പറേഷൻ, എസ്.സി./എസ്.റ്റി കോർപ്പറേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വായ്പയെടുത്തവരുടെ കടങ്ങൾ എഴുതി തള്ളുന്നതിന് വേണ്ടിയുള്ള നടപടികൾ ഉണ്ടാകണമെന്ന് ജില്ലാ വികസന സമിതിയുടെ 30.11.2011 ലെ യോഗം ഗവൺമെന്റിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിക്കുകയുണ്ടായതായും ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ഇക്കാര്യം പരിഗണിച്ചുകൊണ്ട് എൻഡോസൾഫാൻ ദുരിത ബാധിതരുടെ കടം എഴുതിത്തള്ളുന്ന വിഷയം

(.....2)

പഠിക്കുന്നതിനായി പരാമർശം 2-ലെ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചു. എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾക്ക് പരാമർശം 4 പ്രകാരമുള്ള മൊറോട്ടറിയത്തിന്റെ കാലാവധി സെപ്റ്റംബർ 30 ന് അവസാനിച്ചു. പരാമർശം 2 പ്രകാരം രൂപീകരിച്ച കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് പരാമർശം 3 പ്രകാരം സർക്കാരിൽ ലഭിച്ചു. സർക്കാർ ഇക്കാര്യം പരിശോധിച്ച്, എൻഡോസൾഫാൻ ദുരിത ബാധിതരുടെ കടങ്ങൾ എഴുതിതള്ളുന്നതിന് താഴെ കൊടുത്തിട്ടുള്ള മാനദണ്ഡങ്ങൾ ബാധകമാക്കിക്കൊണ്ട് ഉത്തരവാകുന്നു.

1. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, വാഹന വായ്പ, ഗൃഹനിർമ്മാണ വായ്പ, ഗൃഹോപകരണങ്ങൾ, ആഡംബര വസ്തുക്കൾ തുടങ്ങിയവ വാങ്ങുന്നതിനുള്ള വായ്പകൾ എന്നിവ ഒഴികെ ദുരിതബാധിതരുടെ/ കുടുംബാംഗങ്ങളുടെ 50,000 രൂപവരെയുള്ള കടങ്ങൾ മറ്റു പരിഗണനകൾ ഇല്ലാതെ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടും.

2. കുട്ടികളുടെയും ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെയും കാര്യത്തിൽ അച്ഛനമ്മമാരുടെയും അവരുടെ അഭാവത്തിൽ രക്ഷിതാക്കളുടെയും പേരിലും മറ്റുള്ളവരുടെ കാര്യത്തിൽ ഭാര്യ / ഭർത്താവ്, അച്ഛൻ, അമ്മ, മക്കൾ എന്നിവരുടെ പേരിലും ഉള്ള കടങ്ങൾ കടാശ്വാസത്തിന്റെ പരിധിയിൽ ഉൾപ്പെടും.

3. ദുരിതബാധിതനായ ആളിന്റെ പേരിൽ ഒന്നിൽകൂടുതൽ വായ്പകൾ എടുത്തിട്ടുള്ള പക്ഷം 50,000 രൂപ പരിധിക്കുള്ളിൽ പൂർണ്ണമായും അടച്ചുതീർക്കാൻ കഴിയുന്ന വായ്പകൾക്കുമാത്രം കടാശ്വാസ പദ്ധതി ബാധകമാക്കുന്നതാണ്.

4. 2011 ജൂലൈ മാസമോ അതിന് ശേഷമോ എടുത്ത കടങ്ങൾ അതിന് മുമ്പെടുത്ത കടങ്ങളുടെ തുടർച്ചയായി പുതുക്കി എടുത്തിട്ടുള്ളതായി ബന്ധപ്പെട്ട ബാങ്കുകൾ സാക്ഷ്യപ്പെടുത്തിയാൽ മാത്രം കടാശ്വാസ പദ്ധതിക്കായി പരിഗണിക്കുന്നതാണ്.

2. 50,000 രൂപയ്ക്ക് മുകളിൽ 2 ലക്ഷം രൂപവരെയുള്ള കടങ്ങൾ രോഗാവസ്ഥ, കടത്തിന്റെ ആവശ്യകത, കടമെടുത്ത പണത്തിന്റെ ഉപയോഗം, തിരിച്ചടക്കാനുള്ള കഴിവ് തുടങ്ങിയവ പരിശോധിച്ച ശേഷം അവയ്ക്ക് ആനുപാതികമായ തുകയ്ക്കുള്ള കടങ്ങൾ മാത്രം കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ച നിലവിലുള്ള കമ്മിറ്റി തന്നെ കടാശ്വാസം സംബന്ധിച്ച് ക്ലെയിമുകൾ പരിശോധിച്ച് തുക നിശ്ചയിക്കുന്നതാണ്. കടമെടുത്തവരുടെ ബന്ധം സംബന്ധിച്ചും സമയപരിധി സംബന്ധിച്ചുമുള്ള മുകളിൽ കൊടുത്തിട്ടുള്ള വ്യവസ്ഥകൾ ഇവിടെയും ബാധകമായിരിക്കും. 2 ലക്ഷത്തിന് മുകളിലുള്ള കടബാദ്ധ്യത പരിഗണിക്കുമ്പോൾ അത്തരം ആളുകളുടെ കാര്യത്തിൽ കടമെടുത്തവരുടെ ദുരിതബാധിതനുമായുള്ള ബന്ധം, കടത്തിന്റെ സമയപരിധി എന്നിവയിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിനായുള്ള ജില്ലാതല സെൽ പരിശോധിച്ച് ശുപാർശ ചെയ്യുന്ന കടബാദ്ധ്യതകൾ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തും. ഇത് ദുരിതബാധിതനായ ഒരാളുടെ കാര്യത്തിൽ പരമാവധി മൂന്ന് ലക്ഷം രൂപയായി നിശ്ചയിച്ചിരിക്കുന്നു. മുകളിൽ ഉത്തരവായ കടാശ്വാസ പദ്ധതിക്കായി ആവശ്യമായി വരുന്ന തുക താഴെ പറയും പ്രകാരമായി നിശ്ചയിച്ചിരിക്കുന്നു.

| | | |
|---|---|---|
| 50,000 രൂപവരെയുള്ള കടങ്ങൾ | - | 10,00,00,000 (രൂപ) |
| 50,000-2,00,000 രൂപവരെയുള്ള കടങ്ങൾ | - | 12,00,00,000 (രൂപ) |
| 2,00,000 ന് മുകളിൽ വരുന്ന കടങ്ങൾ | - | 3,00,00,000 (രൂപ) |
| **ആകെ** | - | **25,00,00,000 (രൂപ)** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**ഡോ. എം. ബീന**
**സ്പെഷ്യൽ സെക്രട്ടറി**

സ്റ്റേറ്റ് മിഷൻ ഡയറക്ടർ , നാഷണൽ റൂറൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി , ധനകാര്യ വകുപ്പ്.

(.....4)

അഡീഷണൽ ചീഫ് സെക്രട്ടറി , സാമൂഹ്യനീതി വകുപ്പ് , തിരുവനന്തപുരം.
സെക്രട്ടറി, കൃഷി വകുപ്പ്.
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കാസർഗോഡ്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
ലീഡ് ബാങ്ക് മാനേജർ, കാസർഗോഡ്.
ജോയിന്റ് രജിസ്ട്രാർ , ജില്ലാ സഹകരണ ബാങ്ക്, കാസർഗോഡ്.
മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ, കോട്ടയം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്.
ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം/ആയുർവേദ/ഹോമിയോ), കാസർഗോഡ്.
അസിസ്റ്റന്റ് നോഡൽ ഓഫീസർ (എൻഡോസൾഫാൻ), കാസർഗോഡ്.
ഡയറക്ടർ , ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ് (49521/എച്ച്& എൽ.എ 1/14/ധന. തീയതി 19.09.2014)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Manjith

സെക്ഷൻ ഓഫീസർ.